"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28എ പ്രകാരം ശ്രീ. വി. കുമാറിന്റെ (Late) പേരിലുള്ള അവാർഡ് തുക നിയമാനുസൃത അവകാശിയായ ശ്രീ. ലതീഷ് കുമാറിന് അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1558/2024/LSGD തീയതി, തിരുവനന്തപുരം, 21-08-2024**

---

പരാമർശം:-

1. സ.ഉ.(പി) നം. 32/2019/ധന തീയതി 18/03/2019.
2. ബഹു. തിരുവനന്തപുരം സബ് കോടതിയുടെ 30/10/2023 തീയതിയിലെ എൽ.എ.ആർ. 200/09 നമ്പർ കേസിലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/09/2023 തീയതിയിലെ കെ16-609021/2023 നമ്പർ നടപടിക്രമം.
4. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 30/10/2023-ലെ എസ്1/909/2021/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 1894 ഭൂമി ഏറ്റെടുക്കൽ നിയമം, സെക്ഷൻ 28എ പ്രകാരം കക്ഷിയായ ശ്രീ. വി. കുമാർ സമർപ്പിച്ച അപേക്ഷയിൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 16,03,465/- രൂപ (പതിനാറ് ലക്ഷത്തി മൂവായിരത്തി നാന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) കക്ഷിയായ ശ്രീ. വി. കുമാർ മരണപ്പെട്ടു പോയതിനാൽ ടിയാന്റെ നിയമാനുസൃത അവകാശിയായ ശ്രീ. ലതീഷ് കുമാറിന് അനുവദിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (4) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ തൈക്കാട് വില്ലേജിൽ സർവ്വേ നം. 2386/A1 (LA Re.Sy.No.2386/8)-ൽ പ്പെട്ടതും ശ്രീ. വി. കുമാറിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 00.24 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ബഹു. തിരുവനന്തപുരം സബ് കോടതിയുടെ എൽ.എ.ആർ. 200/09 നമ്പർ കേസിലെ പരാമർശം (2) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം പാസ്സാക്കിയ അവാർഡ് തുകയായ

16,03,465/- രൂപ (പതിനാറ് ലക്ഷത്തി മൂവായിരത്തി നാന്നൂറ്റി അറുപത്തിയഞ്ച് രൂപ മാത്രം) '4217-60-800-93- Payment of Compensation in LAR Cases (Plan - Charges) എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. വി. കുമാർ മരണപ്പെട്ടു പോയതിനാൽ ടിയാന്റെ നിയമാനുസൃത അവകാശികളായ ഭാര്യ ശ്രീമതി കലാ കുമാർ, മക്കളായ ശ്രീ. രാംമുകേഷ്, ശ്രീ. വിമൽ രാജ്, ശ്രീ. കെ. ലതീഷ് കുമാർ, ശ്രീ. വിശാഖ് എന്നിവർക്കുവേണ്ടി നിയമാനുസൃതം ചുമതലപ്പെടുത്തിയിട്ടുള്ള ശ്രീ. ലതീഷ് കുമാർ (S/o ശ്രീ. വി. കുമാർ (Late), നിഷാന്ത് നിവാസ്, മണക്കാട് പി. ഒ., തിരുവനന്തപുരം) എന്ന കക്ഷിക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAYAKUMARI P
**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ലതീഷ് കുമാർ , S/o ശ്രീ. വി. കുമാർ (Late), നിഷാന്ത് നിവാസ്, മണക്കാട് പി. ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/199/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 21-08-2024 19:27:46
സെക്ഷൻ ഓഫീസർ